**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2417** **27-02-2023-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. എം. മുകേഷ്

ശ്രീമതി. യു. പ്രതിഭ

ശ്രീ. കെ. പ്രേംകുമാർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കേന്ദ്ര സർക്കാർ പുലർത്തുന്ന സാമ്പത്തിക വിവേചനം സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധിയിലും സംസ്ഥാനത്തെ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിച്ച് സുസ്ഥിര വികസനം സാധ്യമാക്കുന്ന രീതിയിലാണോ അടുത്ത വർഷത്തേയ്ക്കുള്ള വാർഷിക പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ;

**മറുപടി:** സംസ്ഥാനത്തെ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരിച്ച് സുസ്ഥിര വികസനം സാധ്യമാക്കുന്ന രീതിയിലാണ് അടുത്ത വർഷത്തേക്കുള്ള വാർഷിക പദ്ധതി ആസൂ ത്രണം ചെയ്തിരിക്കുന്നത്. സാമൂഹിക നിക്ഷേപം (പ്രത്യേകിച്ച് ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം എന്നിവയിൽ), സാമൂഹിക ക്ഷേമം, സാമൂഹിക നീതി, ലിംഗനീതി എന്നീ മേഖലകളിൽ കേരളത്തി ന്റെ അടിത്തറ കെട്ടിപ്പടുക്കുന്നതിനാണ് വാർഷിക പദ്ധതി ഊന്നൽ നൽകുന്നത്. ഇതിനെ സമ്പദ്‌വ്യവസ്ഥയിലെ ഉൽപ്പാദന ശക്തികളുടെ ത്വരിത വളർച്ചയ്ക്കുള്ള ഒരു ചാലക ശക്തിയായി ഉപയോഗപ്പെടുത്തും. ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തെ നവീകരി ക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും, ആധു നിക സമ്പദ് വ്യവസ്ഥയിലെ ഏറ്റവും മികച്ച തൊഴിലവസരങ്ങൾ കേരളത്തിലെ യുവജന ങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിലും സാമ്പത്തിക നയം രൂപകൽപ്പന ചെയ്തിട്ടുള്ളത്. വിവര സാങ്കേതിക വിദ്യ, വിനോദസഞ്ചാരം, ചില്ലറ വ്യാപാരം, ഉയർന്ന തൊഴിൽ ലഭ്യത, ഉൽപ്പാദനക്ഷമമായ സമ്പദ്‌വ്യവസ്ഥ, അതി ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയിലും പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

**(ബി)** അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ടോ;

**മറുപടി:** മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്ക് 2023-24 വാർഷിക പദ്ധതിയിൽ ഗണ്യമായ പ്രാധാന്യം നൽകിയിട്ടുണ്ട്. വിഴിഞ്ഞം ആഴക്കടൽ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ (വി.ഐ.എസ്. എൽ), കൊച്ചി മെട്രോ റെയിൽ സിസ്റ്റം, കണ്ണൂർ എയർപ്പോർട്ട്-അടിസ്ഥാന സൗകര്യ വികസനം, മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസ്-വാർഷിക വേതന പദ്ധതി, കൊച്ചി യിലെ സംയോജിത ജലഗതാഗത സംവി ധാനം, ജുഡീഷ്യറിയുടെ പശ്ചാത്തല വിക സനം,

പ്രവർത്തന മികവ് അടിസ്ഥാനമാക്കി യുള്ള അടിസ്ഥാനസൗകര്യ വികസനം (സർക്കാർ കോളേജുകൾക്കും ടി.ആർ.ഇ. എസ്.റ്റി റിസർച്ച് പാർക്കിനുമുള്ള അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും), പബ്ലിക്ക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവകലാശാലയ്ക്ക് പുതിയ ക്യാമ്പസും അടിസ്ഥാന സൗകര്യങ്ങളും, സാങ്കേതിക സർവകലാശാലയ്ക്ക് പുതിയ ക്യാമ്പസ്സ് സ്ഥാപിക്കൽ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് പുതിയ ക്യാമ്പസ്സും അടിസ്ഥാന സൗകര്യങ്ങളും), കേരള റെയിൽ വികസന കോർപ്പറേഷൻ (കേന്ദ്ര ഗവണ്മെന്റും കേരള സർക്കാരും തമ്മിലുള്ള സംയുക്ത സംരംഭം), എൻ.എച്ച് ബൈപാസുകൾ-കൊല്ലം, ആലപ്പുഴ (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ) തുടങ്ങിയ മുഖ്യഅടിസ്ഥാനസൗകര്യ വികസന പദ്ധതിക ൾക്കായി 2023-24-ൽ 360 കോടി രൂപ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**(സി)** അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ അതിദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ അതിദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിന് അതീവ പ്രാധാന്യം നൽകുകയും 50 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**